# പതിനാലാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം

### റസിഡൻഷ്യൽ ബിൽഡിങ്ങുകൾ കോമേഴ്സ്യലായി മാറ്റുന്നതിനുള്ള നടപടി ക്രമങ്ങൾ

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 2654** 09.05.17- ൽ മറുപടി നൽ കേണ്ടത്

| | ചോദ്യം<br>ശ്രീ.അബ്ദുൽ ഹമീദ് പി. | | ഉത്തരം<br>ഡോ.കെ.റ്റി.ജലീൽ<br>(തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി) |
|---|---|---|---|
| (എ) | നഗരസഭകളുടെ അധികാര പരിധിയിൽ വരുന്ന റസിഡൻഷ്യൽ ബിൽഡിങ്ങുകൾ കോമേഴ്സ്യലായി ഇനം മാറ്റുന്നതിനുള്ള നിലവിലെ നടപടി ക്രമങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ; | (എ) | നിലവിലുള്ള കെട്ടിടത്തിന്റെ ഒക്യുപൻസി ഗ്രൂപ്പിൽ മാറ്റം വരുന്ന വിധം മുറികളുടെ ഉപയോഗത്തിൽ മാറ്റം വരുത്തുന്ന പക്ഷം ആയത് കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 2 (1) (എഫ്) പ്രകാരം ആൾട്ടറേഷൻ (alteration) ആയി പരിഗണിക്കുന്നതും, അത്തരം ഉപയോഗമാറ്റത്തിന് കേരളാ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 7 പ്രകാരമുള്ള കെട്ടിട അനുമതിക്കുള്ള (പെർമിറ്റ്) അപേക്ഷ അപേക്ഷകൻ നഗരസഭാ സെക്രട്ടറിയ്ക്ക് സമർപ്പിക്കേണ്ടതുമാണ്. ടി കെട്ടിടം പരിശോധിച്ച് ആയത് കെട്ടിട നിർമ്മാണ ചട്ടങ്ങൾക്കും, ബാധകമായ മറ്റു നിയമവ്യവസ്ഥകൾക്കും അനുസൃതമാണെന്ന് ബോദ്ധ്യപ്പെടുന്ന പക്ഷം നഗരസഭാ സെക്രട്ടറി കെട്ടിട അനുമതി നൽ കേണ്ടതാണ്. |
| (ബി) | ചെറുകിട തൊഴിൽ സംരംഭകർക്ക് ഇക്കാര്യത്തിൽ എന്തെങ്കിലും ഇളവുകൾ നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ; | (ബി)<br>&<br>(സി) | കെട്ടിടത്തിന്റെ ഉപയോഗമാറ്റത്തിന് ചെറുകിട തൊഴിൽ സംരംഭകർക്കായി പ്രത്യേക ഇളവുകൾ നൽകിയിട്ടില്ല. എന്നാൽ 50 ചതുരശ്ര മീറ്റർ ഫ്ലോർ ഏരിയായിൽ അധികരിക്കാത്ത വിധം |

| | | | |
|---|---|---|---|
| (സി) | ചെറുകിട തൊഴിൽ സംരംഭങ്ങൾക്ക് കെട്ടിടക്കരത്തിൽ ഇളവ് അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | | ഗാർഹിക ഉപയോഗത്തിന്റെ ഭാഗം ചെറിയ പ്രൊഫഷണൽ ഓഫീസുകൾ/ സ്പേസുകൾക്കായി (അഡ്വക്കേറ്റ്മാർ, ഡോക്ടർമാർ, എഞ്ചിനീയർമാർ, ആർക്കിടെക്ടുകൾ, ചാർട്ടേർഡ് അക്കൗണ്ടന്റ്സ്, ബ്യൂട്ടീഷ്യൻസ്, ടെയ്‌ലർമാർ, ഫോട്ടോഗ്രാഫർമാർ, വീഡിയോഗ്രാഫർമാർ, ടെലിഫോൺ ബൂത്ത് ഓപ്പറേറ്റർമാർ, കമ്പ്യൂട്ടർ പ്രൊഫഷണലുകൾ, ടൈപ്പിസ്റ്റുകൾ, ഇലക്ട്രിക്കൽ/ ഇലക്ട്രോണിക്സ് ഉപകരണങ്ങളുടെ സർവ്വീസ് പ്രൊഫഷണലുകൾ എന്നിവരുടെ) ഉപയോഗിക്കുന്ന പക്ഷം അവയെ ഗ്രൂപ്പ് A-I ഗാർഹിക ഒക്യുപൻസിയിൽ തന്നെ ഉൾപ്പെടുത്താൻ കേരളാ മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 30 (3) (a) യിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ